# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3806 | 15.03.2017 - ൽ മറുപടിയ്ക്ക് |

### ചരക്കനികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരള സംസ്ഥാനമുൾപ്പെടെ മറ്റ സംസ്ഥാനങ്ങളിൽ ജി.എസ്.ടി നടപ്പാക്കുമ്പോൾ ചരക്കുകൾക്ക് നികുതി നിശ്ചയിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിനാണോ സംസ്ഥാനങ്ങൾക്കാണോ; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം, ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ആയിരിക്കും. നിയമം നടപ്പിൽ വരുമ്പോൾ ഇതിനെക്കുറിച്ച് വ്യക്തമായ തീരുമാനം ഉണ്ടാകും. കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് സ്വതന്ത്ര അധികാരങ്ങൾ ഇല്ല. കേന്ദ്ര ധനകാര്യ മന്ത്രി അദ്ധ്യക്ഷനും സംസ്ഥാന-കേന്ദ്ര-ഭരണപ്രദേശ ധന/നികുതി വകുപ്പ് മന്ത്രിമാർ ജി.എസ്.ടി കൗൺസിലിലെ അംഗങ്ങളുമാണ്. കേന്ദ്രത്തിന് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടി വന്നാൽ 3/4 വോട്ടിംഗ് വെയിറ്റേജിലാണ് പ്രൊപ്പോസൽ പാസ്സാക്കുന്നത്. ആയതിനാൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും നികുതി നിശ്ചയിക്കാനുള്ള അവകാശം ജി.എസ്.ടി യിൽ സാധ്യമല്ല. |
| (ബി) | കരവഴി കടത്തുന്ന സാധനങ്ങൾ/കടൽ വഴി കടത്തുന്നവ/ആകാശമാർഗ്ഗം കടത്തുന്നവ എന്നിവയിൽ (ഓരോ വിഭാഗം തിരിച്ച്) എന്തെല്ലാം അധികാരങ്ങൾ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ട് എന്നും വ്യക്തമാക്കുമോ; | | |
| (സി) | നോട്ടു അസാധുവാക്കലും ജി.എസ്.ടി നടപ്പാക്കലും മുഖാന്തിരം സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടായതു പരിഹരിക്കാൻ കേന്ദ്ര | (സി) | ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായമാകയാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | സർക്കാരിനോട് സംസ്ഥാന സർക്കാരും മറ്റു സംസ്ഥാന സർക്കാരുകളും ആവശ്യപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | | കൂടാതെ സേവനമേഖലയിലും സംസ്ഥാനത്തിന് നികുതി ചുമത്താം Telecommunication, Finance, Insurance എന്നീ സേവന മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. മാത്രവുമല്ല ജി. എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് കേന്ദ്രത്തോട് സംസ്ഥാനങ്ങൾ ആവശ്യപ്പെടുകയും, ഈ ആവശ്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ അഞ്ച് വർഷത്തേക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്താനാണ് സാധ്യത. |
| (ഡി) | ഇതുമൂലം കേരള സംസ്ഥാനത്തിനു ണ്ടായ നഷ്ടം കണക്കാക്കിയെങ്കിൽ എത്ര എന്നും ഇതിൽ നിന്നും രക്ഷനേടാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ഡി) | നികുതി നിരക്കുകൾ ഇതുവരെയും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| (ഇ) | കേന്ദ്ര സർക്കാർ ചുമത്തുന്ന ഐ.ജി.എസ്.ടി സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ, ജി.എസ്.ടി യോടൊപ്പം ഐ.ജി.എസ്.ടി നടപ്പാക്കുന്നതിൽ നിന്നും കേന്ദ്രത്തിനു ലഭിക്കുന്ന നികുതികളിൽ നിന്നും സംസ്ഥാനത്തിന് എന്തു സഹായം ലഭിക്കും എന്നും വ്യക്തമാക്കുമോ? | (ഇ) | ഐ.ജി.എസ്.ടി നിയമപ്രകാരം ചുമത്തുന്ന നികുതി ഐ.ജി.എസ്.ടി യും എസ്.ജി.എസ്.ടിയും ചേർന്ന താണ്. ഇത് അന്തർ സംസ്ഥാന വിതരണങ്ങളിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്ന നികുതിയാണ്. ഏതെങ്കിലും സാഹചര്യത്തിൽ ക്രെഡിറ്റ് ലഭിക്കാതെ നിലനിൽക്കുന്ന ഐ.ജി.എസ്.ടി തുക കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിൽ വരുന്നതാണെങ്കിൽ അത് ധനകാര്യ കമ്മീഷന്റെ ഫോർമുല അനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**